(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.സി./ബി.സി. തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട്; ഇതിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത എത്ര പേർക്ക് നിയമനോത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതെ (എൻ.ജെ.ഡി) ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം ജോലിയിൽ പ്രവേശിക്കാത്ത ഒഴിവുകളിൽ എത്ര എണ്ണം പി. എസ്. സി.-ക്ക് വീണ്ടും റിപ്പോർട്ട് ചെയ്തു; ഇതിൽ എല്ലാവർക്കും നിയമനം നൽകിയോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുമതിയുണ്ടോ; ഉണ്ടെങ്കിൽ എത്ര ദിവസം വരെ ഇങ്ങനെ നിയമിക്കാം;

(ഡി) ഇപ്പോൾ എത്ര എൽ.ഡി.സി./ബി.സി. ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്ന് നികത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 930 പേരെ നിയമിച്ചിട്ടുണ്ട്. 122 പേർ നിയമനോത്തരവ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിച്ചിട്ടില്ല.

(ബി) ജോലിയിൽ പ്രവേശിക്കാത്തവരുടെ 122 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അത്രയും തന്നെ നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ നിലവിൽ ഒഴിവുകൾ ഇല്ല.

മികച്ച കോർപ്പറേഷനെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

86 [804] ശ്രീ. ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ടി. തോമസ്:
„ വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001 വർഷത്തെ മികച്ച കോർപ്പറേഷനായി തെരഞ്ഞെടുക്കപ്പെട്ടത് ഏത് കോർപ്പറേഷനെയാണ്;

(ബി) പ്രസ്തുത തെരഞ്ഞെടുപ്പ് നടത്തിയതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഈ തെരഞ്ഞെടുപ്പ് നടത്തിയതാരായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോർപ്പറേഷന്റെ കാര്യത്തിലുണ്ടായ എന്തെല്ലാം അഴിമതികൾ ഇപ്പോൾ അന്വേഷണത്തിലിരിക്കുന്നുഎന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷൻ.

(ബി) വാർഡ് കമ്മിറ്റി വിളിച്ചുചേർക്കൽ, വാർഷിക പദ്ധതി നടപ്പാക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കൽ, ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങൾ, നഗരാസൂത്രണം, നികുതി പിരിവ്, അക്കൗണ്ടിംഗ്, നൂതന പദ്ധതികൾ നടപ്പാക്കൽ തുടങ്ങി നഗരഭരണവുമായി ബന്ധപ്പെട്ട സമഗ്ര മേഖലകളിലേയും പ്രവർത്തനം വിലയിരുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

(സി) ഈ തെരഞ്ഞെടുപ്പ് നടത്തിയത് 17-9-2001-ലെ സ.ഉ.(സാ) 2886/2001/തസ്വഭവ. പ്രകാരം താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മറ്റിയാണ്.

1. ഗവ. സെക്രട്ടറി (അർബൻ ഡെവലപ്പ്മെന്റ്)—ചെയർമാൻ.
2. ഗവ. സെക്രട്ടറി (റൂറൽ ഡെവലപ്പ്മെന്റ്)—അംഗം.
3. ഗവ. സെക്രട്ടറി (പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ്)—അംഗം.
4. ഗവ. മെമ്പർ (ഡിസെൻട്രലൈസ്ഡ് പ്ലാനിംഗ്-സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്) —അംഗം.
5. ഡയറക്ടർ മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ—അംഗം.
6. ഡയറകടർ പഞ്ചായത്ത് വകുപ്പ്—അംഗം.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം കോർപ്പറേഷനിലെ മെഡിക്കൽ കോളേജ് ഡിവിഷനിൽ വസ്തുനികുതി കുടിശ്ശിക വരുത്തിയവർ

87 [805] ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി മുനിസിപ്പൽ കോർപ്പറേഷന്റെ മെഡിക്കൽ കോളേജ് ഡിവിഷനിൽ 2001 മുതൽ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള എത്ര വസ്തു ഉടമസ്ഥരുണ്ട്;

(ബി) പ്രസ്തുത വർഷത്തിന് മുമ്പ്മുതൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർ എത്ര പേരുണ്ട്;

(സി) ഇവരിൽ 4 വർഷം, 5 വർഷം, 6 വർഷം, 7 വർഷം എന്നീ ക്രമത്തിലും അതിൽ കൂടുതലും വസ്തു നികുതി കുടിശ്ശിക വരുത്തിയവർ എത്ര പേരുണ്ട്;

(ഡി) 14-1-2004-ലെ കണക്കനുസരിച്ച് ഇവരിൽ എത്ര പേർക്ക് സ്പെഷ്യൽ നോട്ടീസ് കൊടുത്തിട്ടുണ്ട്;

(ഇ) ഏതു സാഹചര്യത്തിലാണ് സ്പെഷ്യൽ നോട്ടീസ് കൊടുക്കുന്നത്; 2001 മുതൽ കുടിശ്ശിക വരുത്തിയ ആർക്കെല്ലാം സ്പെഷ്യൽ നോട്ടീസ് കൊടുത്തു;

(എഫ്) അതിൽ കൂടുതൽ കുടിശ്ശിക വരുത്തിയവരിൽ ആർക്കെല്ലാം സ്പെഷ്യൽ നോട്ടീസ് കൊടുത്തു;

LIBRARY ARCHIVES Kerala Legislative Assembly